## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4901      23.03.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരേക്കർ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരേക്കർ ഭൂമി നൽകുന്ന പദ്ധതി എവിടെയൊക്കെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | എ) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റേയും ബഹു. സുപ്രീം കോടതി ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് 150 പേർക്ക് 75 ഏക്കർ, പാലക്കാട് 517 പേർക്ക് 483 ഏക്കർ എന്നിങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണം ചെയ്തിട്ടുണ്ട്. വിതരണത്തിന് അനുയോജ്യമായ ബാക്കി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് ആരാണ് കോടതിയലക്ഷ്യ കേസ് നൽകിയത്; അപ്രകാരം കോടതിയിൽ നിന്നും വിധിയുണ്ടായോ; | ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് കോടതിയലക്ഷ്യ വിധി നിലവിലില്ല. എന്നാൽ പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ ഒരു ഉത്തരവ് നിലവിലുണ്ട്. ശ്രീ. പി. ശിവൻ എന്നയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)25215/2010 നമ്പർ കേസിൽ 797 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് 08.09.2016-ന് ഉത്തരവായിരുന്നു. അട്ടപ്പാടിയിൽ |

| | | | |
|---|---|---|---|
| | | | നടന്നുവരുന്ന സർവ്വേ ജോലികൾക്ക് ശേഷം 797 പേർക്ക് അനുയോജ്യമായ ഭൂമി നൽകുന്നതാണെന്ന് ജില്ലാ കളക്ടർ ബഹു. ഹൈക്കോടതിയെ ബോധിപ്പിച്ചിട്ടുള്ളതും, തുടർന്ന് ബഹു. കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് അനുവദിച്ചിരുന്ന സമയം ദീർഘിപ്പിച്ചു കിട്ടുന്നതിന് ഹർജി ഫയൽ ചെയ്തതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| സി) | പദ്ധതി നടപ്പാക്കാൻ എന്ത് നടപടി യാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊ ക്കെയെന്ന് വ്യക്തമാക്കാമോ; | സി) | പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ 10002 ഏക്കർ ഭൂമി സർവ്വേ ചെയ്യുന്നതിന് വേണ്ടി 43.08 ലക്ഷം രൂപ മണ്ണാർക്കാട് സബ് കളക്ടർക്ക് നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറി നൽകുവാൻ വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു കഴിഞ്ഞു. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ഡി) | ഇതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആരെയാണെന്ന് വ്യക്തമാ ക്കാമോ; ഇതു സമഗ്രമായി നടപ്പാക്കാൻ സർക്കാരിന്റെ മുന്നിലുള്ള കർമ്മ പദ്ധതി വിശദമാക്കാമോ? | ഡി) | നിലവിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**